നഗരൂർ, നന്തായ്വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന്റെ പരാതി

92 (2587) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരൂർ, നന്തായ്വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ അവനവൻചേരിയിൽ പട്ടയമായി ലഭിച്ച ഭൂമി അയൽവാസി കയ്യേറിയതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേൽ നടപടി പൂർത്തിയായിട്ടുണ്ടോ ;

(ബി) ചിറയിൻകീഴ് താലൂക്കാഫീസിൽ കെ 6-31799/14 ആയി രജിസ്റ്റർ ചെയ്ത പരാതിയിന്മേൽ അടിയന്തരമായി നടപടി പൂർത്തിയാക്കുമോ ?

ഉത്തരം

(എ) നഗരൂർ, നന്തായ്വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ അവനവൻചേരിയിൽ പട്ടയമായി ലഭിച്ച ഭൂമി അയൽവാസി കയ്യേറിയതുമായി ബന്ധപ്പെട്ട് ചിറയിൻകീഴ് താലൂക്കിലെ കെ 6/31799/14 നമ്പരായി സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വെ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി 27-5-2015-ൽ താലൂക്ക് സർവ്വേയർക്ക് കൈമാറിയിട്ടുണ്ട്. ഈ അപേക്ഷയിന്മേൽ സർവ്വെ നടപടികൾക്കായി 16-6-2015 തീയതി നിശ്ചയിച്ച് നടപടികൾ പുരോഗമിക്കുകയാണെന്ന് താലൂക്ക് സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പരാതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്, ചിറയിൻകീഴ് അഡീഷണൽ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ ഇ-സർവ്വെ

93 (2588) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഇ-സർവ്വേ നടപടികൾ ഏതൊക്കെ പ്രദേശങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി ആരംഭിക്കാനുള്ള പ്രദേശങ്ങളേതാണെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly